<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3093

15.2.2013- ൽ
മറുപടിക്ക്

## സംസ്ഥാനത്ത് കയർ ഫാക്ടറി അനുവദിക്കാനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ)സംസ്ഥാനത്ത് കയർ ഫാക്ടറി അനുവദിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ആലപ്പുഴയിൽ, കയർ മെഷിനറി ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിച്ച് മെഷിനറികൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആലപ്പുഴ ചുങ്കത്ത്, അഡ്മിനി--സ്ട്രേറ്റീവ് ബ്ലോക്കും, മുല്ലക്കൽ ഫാക്ടറി കെട്ടിടവുമാണ് സ്ഥാപിക്കുന്നത്. ഇതിന് ഏകദേശം 24 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. |
| (ബി)പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി)കയർ മേഖലയിൽ വേണ്ടി വരുന്ന യന്ത്രങ്ങൾ, രൂപകൽപന ചെയ്യുക, വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുക, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക, യന്ത്രങ്ങൾ കേടു പാടുകൾ തീർക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി)ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലാണ് ഫാക്ടറി നിർമ്മാണം നടക്കുന്നത്. KITCO ആണ് കൺസൾട്ടിംഗ് ഏജൻസി. |

| | |
|---|---|
| (ഡി)ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ആലപ്പുഴയിൽ ചുങ്കത്ത്, കയർഫെഡിൽ നിന്നും വിട്ടുകിട്ടിയ സ്ഥലത്ത്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് പണി പൂർത്തിയായി. ഇവിടെ, അഡ്മിനിസ്ട്രേഷൻ, ട്രെയിനിംഗ്, R & D, ഷോറും മുതലായവ ഉൾക്കൊള്ളിച്ചിരിക്കുന്നു.<br><br>ആലപ്പുഴയിൽ, മുല്ലക്കൽ, ആലപ്പി കയർ മാറ്റ്സ് & മാറ്റിംഗ് സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് ഫാക്ടറി കെട്ടിടം പൂർത്തിയായി. മെഷിനറികളുടെ ഇറക്ഷൻ & കമ്മീഷനിംഗ് ഇപ്പോൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ